**പതിമൂന്നാം കേരള നിയമസഭ**
**<u>അഞ്ചാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **3985.**

27/06/2012 - ൽ മറുപടിയ്ക്ക്

## മാവേലിക്കര ആയുർവ്വേദ ആശുപത്രിയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ.രാജേഷ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര ആയുർവേദ ആശുപത്രിയിൽ മതിയായ സൗകര്യങ്ങളും മരുന്നുകളും ഇല്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) ഉണ്ട്. മാവേലിക്കര ഗവണ്മെന്റ് ആയുർവേദ ആശുപത്രി ഇപ്പോൾ ഇരുപത് കിടക്കകളുള്ള സ്ഥാപനമായി പ്രവർത്തിച്ചു വരുന്നു. 2009-10 - ൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പത്ത് പേർക്ക് കിടക്കാവുന്ന ഒരു വാർഡ് പണിയുകയുണ്ടായി. ആകെ മുപ്പത് രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇന്ന് ഹോസ്പിറ്റലിൽ ഉണ്ട്. ഔഷധങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് സപ്ലൈ കൂടാതെ ആയുഷ് ഫണ്ട് ഉപയോഗിച്ച് 1,10,000/- (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ഒഷധങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗികൾക്ക് ആശുപത്രിയിൽ ലഭ്യമല്ലാത്ത ഔഷധങ്ങൾ പുറമെ നിന്ന് വാങ്ങുന്നതിന് നിർദ്ദേശിക്കുമ്പോൾ ഗുണനിലവാരമുള്ള ഔഷധങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് ആശുപത്രിയിൽ തന്നെ നീതി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ എച്ച്.എം.സി.യുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ